പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5227 24.10.2011- ലെ മറുപടി

ചാലക്കുടി കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പിൽ ഹൈഡ്രോളിക് ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി.

ചോദ്യം

ഉത്തരം

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ സർവ്വീസുകൾ മുടങ്ങുന്നതു വഴി പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. പ്രധാനമായും ഡ്രൈവർമാരുടെ കുറവാണ് കെ.എസ്.ആർ.ടി.സി യിൽ രൂക്ഷമായി അനുഭവപ്പെടുന്നത്. ഇതു മൂലം സർവ്വീസുകൾ മുടങ്ങുന്ന അവസ്ഥയും നിലവിലുണ്ട്. ഇതിനൊരു പരിഹാരമെന്ന നിലയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള ഡ്രൈവർമാരുടെ നിയമനം ദ്രുതഗതിയിൽ നടന്നുവരികയാണ്. ഇതു പൂർത്തിയാകുന്ന മുറയ്ക്ക് സർവ്വീസുകൾ മുടക്കം കൂടാതെ പൂർണമായും നടത്തുവാൻ കഴിയുമെന്ന് കരുതുന്നു. |
| (ബി) | ചാലക്കുടി കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പിൽ ഹൈഡ്രോളിക് ലിഫ്റ്റ് പ്രവർത്തനരഹിതമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം യൂണിറ്റ് തലത്തിൽ തന്നെ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ പണികൾ പൂർത്തീകരിച്ചു വരുന്നു. ഏതാണ്ട് 15 ദിവസത്തിനുള്ളിൽ ഇത് പ്രവർത്തനക്ഷമമാക്കും. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി. വ്യാപകമായി വാങ്ങി ഉപയോഗിച്ചുവരുന്ന സോഫ്റ്റ് ലാൻഡ് കമ്പനിയുടെ ഇ.ടി.എം. മെഷീനുകൾ വലിയതോതിൽ തകരാറിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ചാലക്കുടിയിൽ മാത്രം 20-ഓളം മെഷീനുകൾ കേടായിട്ടുള്ളത് ഉൾപ്പെടെ കമ്പനിയിൽ നിന്ന് ഫൈൻ ഈടാക്കുന്നതിനും റീപ്ലെയ്സ് ചെയ്യിക്കുന്നതിനും നിയമാനുസൃമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | (സി) | **Soft land India Ltd.** എന്ന കമ്പനിയിൽ നിന്ന് വാങ്ങിയ ചില ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകളിൽ തകരാറുള്ളത് ശ്രദ്ധയിൽപ്പെടുകയും ആ വിവരം പ്രസ്തുത കമ്പനിയെ അറിയിച്ച് ആയവ ഇതിനകം തന്നെ പരിഹരിക്കുകയും ഉണ്ടായി. **Annual Maintenance Contract (AMC)** - ലെ വ്യവസ്ഥകൾ പ്രകാരം നിയമനുസൃതമായ നടപടികൾ സ്വീകരിക്കുകയും 2010-11 കാലയളവിൽ ചാലക്കുടി ഡിപ്പോയിലെ ഇ.ടി.എം-കൾ യഥാസമയം ശരിയായ രീതിയിൽ മെയിന്റനൻസ് ചെയ്യാത്തതിനാൽ പ്രസ്തുത കമ്പനിയിൽ നിന്ന് 8,327/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ